ശമ്പള പരിഷ്ക്കരണം നടപ്പിലായത്. 1978-ൽ എൻ. എം. ആർ. തൊഴിലാളികളുടെ ശമ്പളം വീണ്ടും പുതുക്കി നിശ്ചയിച്ചു. എന്നാൽ അതിനു ശേഷം ഇതുവരെയും ഈ ഫാമിലെ തൊഴിലാളികളുടെ ശമ്പളം പുതുക്കിയിട്ടില്ല. അതുകൊണ്ട് കൃഷിഫാമിലെ തൊഴിലാളികളുടെ ശമ്പള പരിഷ്ക്കരണം അടിയന്തിരമായി നടപ്പിലാക്കുന്നതിന് ഗവൺമെൻറ് നടപടിയെടുക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

കൃഷി വകുപ്പുമന്ത്രി (ശ്രീ. എൻ. സുന്ദരൻ നാടാർ) : സർ, കേരളത്തിലെ കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം മുതലായ വകുപ്പുകളുടെ കീഴിലുള്ള ഫാം തൊഴിലാളികളുടെ സേവന വേതന പരിഷ്ക്കരണത്തിന് 20-12-1983-ൽ നിയോഗിക്കപ്പെട്ട കമ്മിറ്റി അതിന്റെ ശുപാർശ 18-10-1985-ൽ ഗവൺമെൻറിന് സമർപ്പിക്കുകയുണ്ടായി. ഇതിലെ ശുപാർശകൾ നടപ്പിലാക്കുന്നതുമൂലം ഗവൺമെൻറിനുണ്ടാകുന്ന സാമ്പത്തിക ബാദ്ധ്യത എത്രയെന്ന് കമ്മിറ്റി കണക്കാക്കുകയോ, അതുമൂലം സർക്കാരിന് വരുന്ന അധിക ചെലവ് എത്ര യെന്ന് തിട്ടപ്പെടുത്തുകയോ ചെയ്തിട്ടില്ല. അതുപോലെതന്നെ ഫാമുകളിലെ ഔട്ട് ടേൺ നേടിയിട്ടുണ്ടോ എന്ന് കണക്കാക്കിയിരുന്നില്ല. ഇക്കാര്യങ്ങളെല്ലാം വിവിധ വകുപ്പുകളിലെ തലവൻമാരിൽനിന്നും ശേഖരിച്ചു വരികയാണ്. അവ ശേഖരിച്ച് പരിശോധിച്ച ശേഷം കമ്മിറ്റിയുടെ ശുപാർശകളിൻമേൽ എത്രയും വേഗം സർക്കാർ തീരുമാനമെടുക്കുന്നതാണ്.

(15) കൂടൽകടവ് പാലം നിർമ്മിക്കുന്നതിനുള്ള കാലതാമസം

ശ്രീ. കെ. രാഘവൻ മാസ്റ്റർ : സർ, എന്റെ എം. എൽ. എ. റോഡായ പണാരം-നീർവാരം-പുഞ്ചവയൽ-കാട്ടിക്കുളം റോഡിൽ മാനന്തവാടിപുഴയും പനമരം പുഴയും ചേർന്ന് കബനിപ്പുഴയായി തീരുന്ന സ്ഥലത്താണ് കൂടൽ പാലം നിർമ്മിക്കുന്നത്. ഈ പാലം നിർമ്മിച്ചുകഴിഞ്ഞാൽ പുൽപ്പള്ളിയും മാനന്തവാടിയും തമ്മിലുള്ള ദൂരം ¼ ആയി കുറക്കുവാൻ സാധിക്കും. 2 മണിക്കൂർ യാത്ര ചെയ്യേണ്ടത് വെറും അര മണിക്കൂർകൊണ്ട് പൂർത്തി യാക്കാൻ സാധിക്കും. രണ്ട് കൂടിയേറ്റ പ്രദേശങ്ങളിലും അതുപോലെ തന്നെ ആദിവാസി കേന്ദ്രങ്ങളിലും കൂടി കടന്നു പോകുന്ന ഈ പാലം ഏറ്റവും പ്രധാനപ്പെട്ട ഒന്നാണെന്ന് ശ്രദ്ധയിൽപ്പെടുത്തുകയാണ്. പാലത്തിന്റെ ഡിസൈനും എസ്റ്റിമേറ്റും എത്രയും വേഗം തയ്യാറാക്കി എ. എസിന് കൊടുത്ത് ഈ പാലത്തിന്റെ പണി പൂർത്തിയാക്കുന്നതിനു വേണ്ട നടപടികളും എത്രയും വേഗം സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ഉപമുഖ്യമന്ത്രി (ശ്രീ. കെ അവുക്കാദർകുട്ടി നഹ) : സർ, പാലത്തിന് സ്വന്തമായി 80 ലക്ഷം രൂപ ചെലവ് വരുന്നുണ്ട്. 170 ലക്ഷം രൂപ ചെലവ് വരുന്ന എം. എൽ. എ. റോഡിൽപ്പെട്ടതാണ്. ഇപ്പോൾ ഈ പാലത്തിന് പകരം ചെറിയ 2 പാലങ്ങൾ കെട്ടി ആ റോഡ് ഗതാഗതയോഗ്യമാക്കുവാൻ പറ്റുമോ യെന്നുള്ള പരിശോധനയിലാണ്. അത് തീരുമാനിച്ചു കഴിഞ്ഞശേഷം വേണ്ട നടപടി സ്വീകരിക്കും.

(16) ഭാരതപ്പുഴയിലെ കോസ്വേ കം റഗുലേറ്റർ നിർമ്മിക്കുന്നതിലുള്ള കാലതാമസം

ശ്രീ. കെ. കെ. ബാലകൃഷ്ണൻ : സർ, തൃത്താല നിയോജകമണ്ഡലത്തിൽപ്പെട്ട തൃത്താല, പരതൂർ എന്നീ 2 പഞ്ചായത്തുകളും വേറെ 7 പഞ്ചായത്തുകളും ബന്ധിപ്പിക്കുന്നതിനു വേണ്ടി ഭാരതപ്പുഴയിൽ വെള്ളിയാംക്കല്ല്

LIBRARY ARCHIVES Kerala Legislative Assembly

കോസ്‌വേ എന്നുപറയുന്ന കോസ്‌വേ നിർമ്മിക്കുന്നതിനുവേണ്ടി ഞങ്ങളും ജനങ്ങളും ആവശ്യപ്പെട്ടതനുസരിച്ച് 1980 മുതൽ ബഡ്‌ജറ്റിൽ വകകൊള്ളിക്കാറുണ്ടെങ്കിലും യാതൊരു പണിയും ഇന്നുവരെ നടന്നിട്ടില്ല. ഈയിടെ അതിന്റെ ഇൻവെസ്റ്റിഗേഷൻ നടത്തുന്നതിനുവേണ്ടി ഗവൺമെന്റ് കുറെ ഓഫീസർമാരെ നിയോഗിക്കുകയുണ്ടായി. ആ ഇൻവെസ്റ്റിഗേഷൻ ഓഫീസർമാർക്ക് വേണ്ട സൗകര്യമൊന്നും ചെയ്തിട്ടില്ല. അവിടെ ബോർ ചെയ്യുന്നതിനുവേണ്ടി ആവശ്യമായ പണം പോലും ഗവൺമെന്റ് അനുവദിക്കാത്തതു കാരണം ആ ഇൻവെസ്റ്റിഗേഷൻ ഓഫീസർമാർ സ്ഥലം വിട്ടിരിക്കുകയാണ്. ഈ കോസ്‌വേ കം റെഗുലേറ്റർ നിർമ്മിക്കുകയാണെങ്കിൽ തൃശ്ശൂർ, പാലക്കാട്, മലപ്പുറം ജില്ലകളെ ബന്ധിപ്പിക്കാനും അവിടെയുള്ള ജനങ്ങൾക്ക് സൗകര്യപ്രദമായി സഞ്ചരിക്കാനും കഴിയും. ഈ കോസ്‌വേ യുടെ പണി ഉടനടി ആരംഭിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുകയാണ്.

നിയമവും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ഈ ജോലിയുടെ പ്രാധാന്യം ഞാൻ മനസ്സിലാക്കുന്നുണ്ട്. ഇത് പണിയുവാനുള്ള സംരംഭത്തിൽ ഒരു സബ് ഡിവിഷൻ 1984-ൽ തൃത്താലയിൽ തുടങ്ങി. പക്ഷെ നിർഭാഗ്യകരമായ ഒരു കാര്യം, കഴിഞ്ഞ 3 വർഷമായി ബഡ്‌ജറ്റിൽ ഇതിന് പ്രൊവിഷനില്ല. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഇത് തീർക്കാം. അതിനുവേണ്ടി തീർച്ചയായും മുൻഗണന കൊടുക്കാം.

(17) തൃശ്ശൂർ മെഡിക്കൽകോളേജിലെ ബുദ്ധിമുട്ടുകൾ

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ: സർ, തൃശ്ശൂർ മെഡിക്കൽ കോളേജ് ആരംഭിച്ച് 5 വർഷമായിട്ടും ഇന്നുവരെ ഇൻഡ്യൻ മെഡിക്കൽ കൗൺസിലിന്റെ അംഗീകാരം ലഭിച്ചിട്ടില്ല. അൽപ്പം മാസങ്ങൾക്കുള്ളിൽ പുറത്തുവരുന്ന ഡോക്ടർമാരെ സംബന്ധിച്ചിടത്തോളം അവർക്ക് പ്രാക്ടീസ് ചെയ്യാനോ ബിരുദാനന്തര പഠനത്തിനോ സാദ്ധ്യമല്ല. കഴിഞ്ഞ 5 വർഷങ്ങൾക്കകം ഹൈക്കോടതിയുടെ നിർദ്ദേശപ്രകാരം പ്രവർത്തനങ്ങൾ പലതും നടന്നിട്ടുണ്ട്. എങ്കിലും അദ്ധ്യാപകരുടെയും ചികിൽസ പഠിക്കാനുള്ള ആശുപത്രികളുടെയും കാര്യത്തിൽ ഗുരുതരമായ വീഴ്ചയാണ്. അദ്ധ്യാപകരുടെ നിരവധി തസ്തികകൾ ഒഴിഞ്ഞു കിടക്കുകയാണ്. സർക്കാർ പി. എസ്. സി. യുടെ പേരിൽ പഴിചാരുകയാണ്. പാവം വിദ്യാർത്ഥികൾ ആരോട് പോയി പറയാൻ. ആശുപത്രികളില്ലാതെ വൈദ്യശാസ്ത്രം പഠിക്കാൻ പറ്റുകയില്ലല്ലോ. ബോർഡ് മാറ്റിവച്ച പഴയ ജില്ലാശുപത്രിയിൽ പറയത്തക്ക യാതൊരു സൗകര്യവുമില്ല. ചെസ്റ്റ് ആശുപത്രിയുടെ പണി ഒച്ചിന്റെ വേഗതയിൽ മാത്രം നടക്കുകയാണ്. ഇവിടത്തെ വിദ്യാർത്ഥികൾ നീന്തൽ കുളമില്ലാതെ നീന്തൽ പഠിക്കാൻ നിർബന്ധിതർ ആയിരിക്കുകയാണ് തൃശ്ശൂർ മെഡിക്കൽ കോളേജിൽ വേണ്ടത്ര അദ്ധ്യാപകർ ഇല്ല, കാർഡ്യോളജിസ്റ്റില്ല, ബെഡ്ഡുകളില്ല, ലക്ചർ ഹാളില്ല, ലൈബ്രറിയില്ല, ഇരിപ്പിടമില്ല, വെള്ളമില്ല, വെളിച്ചമില്ല, ലിഫ്റ്റ് പ്രവർത്തിക്കുന്നുമില്ല, അവിടെ ഹെഡ് റെസ്റ്ററില്ല, തുപ്പാൻ പാത്രം പോലുമില്ല. സുലഭമായിട്ടുള്ളത് കുറെ രോഗികളും അതിലേറെ കഷ്ടപ്പെടുന്ന കുറെ വിദ്യാർത്ഥികളും. തൃശ്ശൂർ മെഡിക്കൽ കോളേജിലെ വിദ്യാർത്ഥികൾ പ്രവേശന പരീക്ഷയിൽ മുൻപന്തിയിൽനിന്നവരാണ്, പിന്നീട് നടന്ന പരീക്ഷകളിൽ അവർ മെച്ചമായ വിജയം നേടി. അവർ തൃശ്ശൂരിൽ ജയിച്ചു എന്ന കുറ്റംകൊണ്ട് ശിക്ഷിക്കപ്പെടരുത്. അവരുടെ ആശങ്കയ്ക്ക് ഉടനെ പരിഹാരം കാണണം.

LIBRARY ARCHIVES Kerala Legislative Assembly